## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 445** **28-06-2022 - ൽ മറുപടിയ്ക്ക്**

## ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിങ്സ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ആസ്തി വികസന ഫണ്ടിൽ ടെണ്ടർ സേവിങ്സ് ഇനത്തിൽ എത്ര രൂപ ബാക്കിയുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; | (എ) | **2017-18 സാമ്പത്തിക വർഷം മുതലാണ് നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് അനുമതിയുള്ളത്. കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 2017-18മുതൽ 2020-21 വരെയുള്ള കാലയളവിൽ ആസ്തി വികസന ഫണ്ടിൽ ടെണ്ടർ സേവിങ്സ് ഇനത്തിൽ ബാക്കിയുള്ള തുകയുടെ നാളിതുവരെയുള്ള വിവരം ചുവടെ ചേർക്കുന്നു.**<br><br>വർഷം — തുക<br>2017-18 — 54,16,405.83/-<br>2018-19 — 72,30,812.60/-<br>2019-20 — 20,99,157.26/-<br>2020-21 — 30,51,782.89/- |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിങ്സ് തുക ഉപയോഗിച്ച് പുതുതായി എത്ര തുകയുടെ പ്രവൃത്തികൾ നിർവ്വഹിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | **നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യമുണ്ട്. പദ്ധതിയുടെ മാർഗ്ഗ രേഖയായ 04.08.2018 ലെ സ.ഉ.(അച്ചടി) നം.119/2018/ധന, ഖണ്ഡിക 2.8 ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്തു കൊണ്ട് 31.03.2022 തീയതിയിലെ സ.ഉ.(അച്ചടി) നം.40/2022/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടാകുന്ന ടെൻഡർ സേവിംഗ്സ് എത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്തുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെൻഡർ എക്സസിന് വേണ്ടിയോ പുതിയ** |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. ഇപ്രകാരം ഭരണാനുമതി നൽകുമ്പോൾ ഒരു സാമ്പത്തിക വർഷത്തിലെ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയിത്തന്നെ നിജപ്പെടുത്തേണ്ടതാണ്. മേൽ പറഞ്ഞ ഉപാധികൾക്ക് വിധേയമായി ടെണ്ടർ സേവിങ്സ് തുക പൂർണ്ണമായും പുതിയ പ്രവൃത്തികൾക്കായി വിനിയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ